**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1049 14.01.2021 ൽ മറുപടിയ്ക്ക്

**ആരക്കുഴ ഗവ: ഐ.ടി.ഐ.യിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. എൽദോ എബ്രഹാം: | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** മൂവാറ്റുപുഴ ആരക്കുഴ ഗവ:ഐ.ടി.ഐ.യിൽ നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | **(എ)** ആരക്കുഴ ഐ.ടി.ഐ.യുടെ കെട്ടിടനിർമ്മാണം മൂന്ന് ഘട്ടമായിട്ടാണ് പൂർത്തീകരിക്കുന്നത്. ഒന്നാം ഘട്ട കെട്ടിടനിർമ്മാണം (ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില) 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തി കൾക്ക് അധികമായി 72 ലക്ഷം രൂപ കൂടി പി.ഡബ്ല്യൂ.ഡി ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. രണ്ടാം ഘട്ടത്തിൽ ചുറ്റുമതിൽ നിർമ്മാണമാണ്. പ്രസ്തുത നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. വഴിത്തർക്കം മൂലം ചുറ്റുമതിൽ നിർമ്മാണം നടത്തേണ്ട കുറച്ചു ഭാഗം മുവാറ്റുപുഴ മുൻസിഫ് കോടതി സ്റ്റേ ചെയ്തിരിക്കുന്നു. മൂന്നാം ഘട്ടം, രണ്ടാം നിലയുടെ നിർമ്മാണമാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 22-09-2020-ൽ ആരംഭിച്ചിട്ടുണ്ട്. |
| **(ബി)** ഇവിടെ പുതിയ ട്രേഡുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | **(ബി)** ആരക്കുഴ ഐടിഐയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ശുപാർശ കൾ നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ